ശ്രീ. എം.വി. രാഘവൻ: എൻകോസ് സ്ഥാപനങ്ങൾ പിരിച്ചു വിട്ടു. 300-ൽ പരം ആളുകൾക്കു മാത്രമാണ് ജോലി തിരിച്ച് കൊടുത്തെന്നു പറഞ്ഞത്. ബാക്കി ആളുകൾക്ക് ജോലി കൊടുക്കുമെന്നാണ് പറയുന്നത്. അവരുടെ ഷെയർ സംഖ്യ കൊടുത്തിട്ടുണ്ടോ? പിരിച്ചു വിടുമ്പോൾ കൊടുക്കുന്ന മറ്റ് ആനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ടോ? ഈ ആനുകൂല്യങ്ങളെല്ലാം ആരാണ് കൊടുക്കുന്നത്?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ സാധിക്കുകയില്ല. അവർക്കുകൂടി അധികം താമസിയാതെ ജോലി കൊടുക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ജോലി കൊടുക്കാത്ത ആളുകൾക്ക് ഷെയർ തിരിച്ചുകൊടുക്കാൻ വ്യവസ്ഥ ഉണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: പാലക്കാട് പ്രദേശത്തെ പറളി സ്റ്റീൽ മെറ്റീരിയൽസ് ലിമിറ്റഡ്, പാലക്കാട്ടെ പി.എസ്.ടയേഴ്സ്, പാലക്കാട്ടെ മാല്യബിംസ് എന്നിവ തുടങ്ങുമെന്നുള്ള പ്രഖ്യാപനം ഉണ്ടായിരുന്നു. അത് അടിയന്തിരമായി തുടങ്ങി പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ജോലി തിരിച്ച് കൊടുക്കാനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനുള്ള നടപടികൾ എടുത്തു കൊണ്ടിരിക്കുകയാണ്.

(ചോദ്യം 848 ചോദിച്ചില്ല)

തൊഴിൽ തർക്കങ്ങൾ

* 779 [849] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ:
ശ്രീ. ഇ.പി. ഗോപാലൻ:
,, വി.കെ. രാജൻ:
,, റ്റി.എ. മജീദ്:
,, പി.കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കോടതികളിലായി തൊഴിൽ തർക്കങ്ങൾ സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട്;

(ബി) അഡ്ജുഡിക്കേഷനിൽ ഇരിക്കുന്ന കേസുകൾ ഒരു ക്യിപ്ത കാലാവധിക്കുള്ളിൽ തീർക്കാനുള്ള എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ അതെപ്പറ്റി ഗൗരവപൂർവ്വം ആലോചിക്കുമോ;

(ഡി) തൊഴിൽത്തർക്കങ്ങൾ കൈകാര്യം ചെയ്യാനുള്ള അവകാശം അസിസ്റ്റന്റ് ലേബർ ആഫീസറൻമാർക്കുകൂടി നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതേപ്പറ്റി ഗൗരവപൂർവ്വം പരിഗണിക്കുമോ;

(എഫ്) പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ള പ്ലാന്റേഷനുകൾ ഏതെല്ലാം?

തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളിലും ലേബർ കോടതികളിലുമായി 3781 കേസുകൾ നിലവിലുണ്ട്. ഹൈക്കോടതിയിൽ തൊഴിൽതർക്കം സംബന്ധിച്ച് 195 റിട്ടുപെറ്റീഷനുകളും 14 അപ്പീലുകളും നിലവിലുണ്ട്. മറ്റു കോടതികളിലെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) പരിശോധിക്കാം.

(ഡി) വിവിധ തൊഴിൽനിയമങ്ങൾ അനുസരിച്ച് തൊഴിൽ സ്ഥാപനങ്ങൾ കൂടെക്കൂടെ പരിശോധിക്കുകയും ന്യൂനതകൾ കണ്ടുപിടിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട നിർവ്വഹണോദ്യോഗസ്ഥൻമാർ എന്ന നിലയ്ക്ക് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് തൊഴിൽ തർക്കങ്ങൾ കൈകാര്യംചെയ്യുന്നതിന് സമയമുണ്ടാവില്ലെന്നാണ് വയ്പ്പ്. അതുകൊണ്ട് അവരെ ഈ ചുമതല ഏൽപ്പിക്കുന്നത് പ്രായോഗികമായിരിക്കുകയില്ല.

(ഇ) നിർവ്വഹണ ചുമതല വഹിക്കാൻ അവരെ ഏർപ്പെടുത്തുന്നില്ലെങ്കിൽ ഇക്കാര്യം പരിശോധിക്കാൻ വിരോധമില്ല.

(എഫ്) പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശ്രീ. ഇ. പി. ഗോപാലൻ: ഇത്രയൊക്കെ കേസുകൾ കെട്ടിക്കിടക്കുന്നതിനു പരിഹാരമായി എന്തുചെയ്യണമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. തൊഴിലാളിസംഘടനകളും തൊഴിലാളികളുമൊക്കെ പ്രതീക്ഷിക്കുന്നതുപോലെയുള്ള ആത്മാർത്ഥതാപ്രകടനം മാത്രമാണോ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ളത്, അതോ ക്രിയാത്മകമായ പരിഹാരമാർഗ്ഗമാണോ?

ശ്രീ. എം.കെ. രാഘവൻ: ഇത്രയധികം തൊഴിൽ തർക്കസംബന്ധമായ കേസുകൾ കെട്ടിക്കിടക്കുന്നത് കൂടുതലും കോടതിയുടെ ജാഗ്രതക്കുറവുകൊണ്ടാണെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഇൻഡസ്ട്രിയൽ ട്രിബ്യൂണൽപോലുള്ള കോടതികളിലെ പ്രിസൈഡിംഗ് ഓഫീസർമാരെ ക്ഷണിച്ചുവരുത്തി ഇത് എളുപ്പം തീർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ഇ.പി. ഗോപാലൻ: ഇപ്പോൾ രണ്ട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലുകളാണുള്ളത്. അതിന്റെ സംഖ്യ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: സർ, അത് ഇതിനു പരിഹാരമാകുമെന്ന് ഞാൻ കരുതുന്നില്ല. പല ഭാഗങ്ങളിൽ നിന്നും വരുന്ന അപേക്ഷകൾ പരിഗണിക്കേണ്ടിവരുന്നതുകൊണ്ടാണ് ഇത് ഇങ്ങനെ കെട്ടിക്കിടക്കാൻ ഇടവരുന്നത്. ഇതിന് ഒരു പരിഹാരമുണ്ടാകണമെങ്കിൽ ഒരു സമയപരിധി വച്ച് കേസ്സുകളൊക്കെ തീർക്കേണ്ടിവരും. അതിനുള്ള നിർദ്ദേശം കൊടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. കെ. രാജൻ: പ്ലാന്റേഷൻ ലേബർ ആക്ടനുസരിച്ച് ശുദ്ധജലം, പാർപ്പിടസൗകര്യം, വൈദ്യസഹായം എന്നിവ തൊഴിലാളികൾക്ക് കിട്ടേണ്ടതാണ്. അതു കിട്ടാത്തതുസംബന്ധിച്ച് ഒരു കോർട്ട് ഓഫ് എൻക്വയറി നടത്താൻ തയ്യാറാകുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: ഈ ചോദ്യവുമായി ബന്ധപ്പെടുന്നതല്ലെങ്കിലും ആ കാര്യം ശ്രദ്ധിക്കാം.

ശ്രീ. ടി.എ. മജീദ്: ഹൈക്കോടതിയിൽ ഒട്ടേറെ റിട്ട് കേസ്സുകൾ തീരുമാനമാകാതെ കിടക്കുന്നുവെന്ന് പറഞ്ഞു. ഇതെല്ലാം എത്ര കൊല്ലമായതാണെന്നു പറയാൻ കഴിയുമോ; അതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്?

ശ്രീ. എം.കെ. രാഘവൻ: റിട്ട് പെറ്റിഷനുകൾ മിക്കവാറും കാര്യങ്ങളിൽ ഇപ്പോൾ വളരെ സുലഭമായി വരികയാണ്. ഡിസ്പോസലിന് വേണ്ടിയുള്ള മെഷിനറി വേണ്ടത്ര ഹൈക്കോടതിയിൽ ഇല്ലെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. ടി.എ. മജീദ്: ഈ കേസുകൾ ഒന്നു വേഗം തീർക്കാൻ ചീഫ് ജസ്റ്റീസുമായി വല്ല ചർച്ചയും നടത്തിയിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ചർച്ച നടത്താം.

ശ്രീ. പി.കെ. ശ്രീനിവാസൻ: ഈ തൊഴിൽതർക്കകേസുകൾ ക്ലിപ്ത കാലാവധിക്കുള്ളിൽ തീർക്കുന്നതിന് ആലോചിക്കാമെന്ന് ഗവൺമെന്റ് വർഷങ്ങളായി പറയുന്നു. ഇപ്പോൾതന്നെ ആയിരക്കണക്കിന് വിവിധ കോടതികളിലുണ്ട്. ഇതുമൂലം തൊഴിലാളികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ക്ലിപ്ത കാലാവധിക്കുള്ളിൽതന്നെ തീർക്കുന്നതിന് എന്തെങ്കിലും ഏർപ്പാടുണ്ടാക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അതു ചെയ്യാമെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്.

ശ്രീ. പി.കെ. ശ്രീനിവാസൻ: കേരളാ ഫോറസ്റ്റ് ഡവലപ്പുമെന്റ് കോർപ്പറേഷൻ ധാരാളം പ്ലാന്റേഷനുകൾ നടത്തുന്നുണ്ട്. ധാരാളം തൊഴിലാളികളുമുണ്ട്. ഒരുവിധ നിയമവും അവിടെ ബാധകമല്ലായെന്നുള്ള വസ്തുത പരിഗണിച്ച് പ്ലാന്റേഷൻ ലേബർ ആക്ട് കെ.എഫ്. ഡി.സി.യിൽകൂടി നടപ്പാക്കാൻ ആലോചിക്കുമോ?

ശ്രീ. എം. കെ. രാഘവൻ: അക്കാര്യം പരിഗണനയിലിരിക്കുകയാണ്.

ശ്രീ. എ. എൻ. യൂസഫ്: തൊഴിൽതർക്ക നിയമപ്രകാരമുള്ള കേസുകൾ ലേബർ കോർട്ടിൽ ഇരിക്കുമ്പോൾ ന്യായമായ കേസുകളാണെന്ന് ലേബർ ഡിപ്പാർട്ടുമെന്റിനു തോന്നുകയാണെങ്കിൽ അവർക്ക് പ്രത്യേകമായ അലവൻസ് കൊടുത്തിരുന്നു. അത് ഇന്നു കൊടുക്കുന്നില്ല. തീരുമാനമുണ്ടാകാൻ കാലതാമസമുണ്ടാകുന്ന ഈ പരിതഃസ്ഥിതിയിൽ ഇതെങ്കിലും തൊഴിലാളികൾക്കു കിട്ടാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സസ്പെൻഷൻ കേസുകളിൽ ചില ആനുകൂല്യങ്ങൾ ചെയ്യാറുണ്ട്. മറ്റുള്ള കേസുകളിൽ ഉണ്ടെങ്കിൽ അതു അനേഷിച്ചു വേണ്ടതു ചെയ്യാം.

ശ്രീ. സേവ്യർ അറയ്ക്കൽ: കോടതികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞു. ക്ലിപ്ത സമയത്തിനുള്ളിൽ ഈ കേസുകൾ തീർക്കാൻ നിർദ്ദേശം കൊടുക്കാമെന്നു പറഞ്ഞു. അങ്ങനെ ഒരു നിർദ്ദേശം കൊടുത്തുകൊണ്ട് നീതി ലഭിക്കുമെന്ന് ധാരണയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: തീർച്ചയായും വേഗം തീരുമാനമുണ്ടാക്കുന്നതാണ്.

ശ്രീ. പി.ബി.ആർ. പിള്ള: പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി തോട്ടം ഉടമകൾ തോട്ടങ്ങൾ തുണ്ടുതുണ്ടാക്കുന്നതു തടയാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: തയ്യാറാകുകയില്ലെന്ന് ഞാൻ ഇതുവരെ പറഞ്ഞിട്ടില്ല. തയ്യാറാകുമെന്നാണ് പറഞ്ഞത്. അതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാം, ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും.

ശ്രീ. എസ്. ത്യാഗരാജൻ: ഇപ്പോൾ രണ്ടു ട്രിബ്യൂണലുകളും രണ്ടു ലേബർ കോടതികളും ഉണ്ടെന്നു പറഞ്ഞു. ഹൈക്കോടതിയിൽ കേസുകൾ കെട്ടിക്കിടക്കുകയും ചെയ്യുന്നു. ലേബർ കോടതിയിൽനിന്നും ട്രിബ്യൂണലുകളിൽനിന്നും ഉണ്ടാകുന്ന വിധിക്കു പുറമേ ഹൈക്കോടതിയിൽ കേസുകൾ വരുന്നു. ഈ സാഹചര്യത്തിൽ ലേബർ നിയമത്തിന്റെ സ്പിരിറ്റ് ഉൾക്കൊള്ളാൻ കഴിയത്തക്ക വിധത്തിൽ ഹൈക്കോടതിയിൽ ഒരു പ്രത്യേക ബഞ്ച് രൂപീകരിക്കുന്നകാര്യം ഗവൺമെന്റ് പരിഗണിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അങ്ങനെ ഒരു നിർദ്ദേശം അല്ലെങ്കിൽ റിക്വസ്റ്റ് ഹൈക്കോടതിയിൽ വയ്ക്കണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്.

ശ്രീ. ചടയൻ ഗോവിന്ദൻ: 3781 കേസുകൾ ഇപ്പോൾ കോടതികളിൽ നിലനിൽക്കുന്നു എന്നു പറയുകയുണ്ടായി. ഇതിനെതിരായി കാലാകാലങ്ങളായി തൊഴിലാളികളുടെ ഭാഗത്തുനിന്നും ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ കെട്ടിക്കിടക്കുന്ന കേസുകളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ടോ അതോ കൂടി വരികയാണോ? അതു ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഞാൻ നേരത്തെ പറഞ്ഞു, കൂടിവരികയാണോ കുറഞ്ഞുവരികയാണോയെന്ന് പരിശോധിച്ചിട്ടില്ല. പരിശോധിച്ചിട്ട് അറിയിക്കാം.

ശ്രീ. പി.ബി.ആർ. പിള്ള: എറണാകുളം കേന്ദ്രമായി പുതുതായി രൂപീകരിച്ച ലേബർ കോടതിയിൽ ജഡ്ജിയെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്; ഈ കോടതിയിലേക്കു റഫർചെയ്തിട്ടുള്ള കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്?

ശ്രീ. എം.കെ. രാഘവൻ: എറണാകുളം ലേബർ കോടതിയിലേക്ക് നിയമനം നടന്നിട്ടുണ്ട്. പക്ഷേ, കൊല്ലത്തുനിന്നും ഫയലുകൾ എറണാകുളം കോടതിയിലേക്ക് മാറുന്നതിൽ കുറെ താമസം വന്നു. അതിനുള്ള നടപടികൾ സ്വീകരിച്ചതിനെത്തുടർന്ന് ഫയലുകൾ അങ്ങോട്ടുമാറുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി.ആർ. ഫ്രാൻസിസ്: ഏഴെട്ടു വർഷങ്ങളായുള്ള കേസുകൾ ഇന്നു തൊഴിൽതർക്ക കോടതികളിൽ നിലവിലിരിക്കുകയാണ്. ഈ കേസുകൾ നടത്തിക്കൊണ്ടുപോകാൻ തൊഴിലാളികൾക്ക് ബുദ്ധിമുട്ടുള്ളതുകൊണ്ട് അത് ഉപേക്ഷിച്ചു പരാജയപ്പെടുന്ന സ്ഥിതിയാണുള്ളത്. ഇതു പരിഗണിച്ചുകൊണ്ട് ഈ തൊഴിൽതർക്ക കേസുകൾക്ക് ആറു മാസത്തിനുള്ളിലെങ്കിലും പരിഹാരമുണ്ടാകത്തക്ക വിധത്തിലുള്ള സംവിധാനമുണ്ടാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: ഞാൻ അതു നേരത്തെ പറഞ്ഞു. സാധാരണയായി ഇത്രയേറെ നീണ്ടുപോകുന്നത് തൊഴിലാളികൾക്കും മുതലാളിമാർക്കുംവേണ്ടി ഹാജരാകുന്ന വക്കീലൻമാരുടെ അപേക്ഷ അനുസരിച്ചാണ്. അങ്ങനെ വരാതിരിക്കണമെങ്കിൽ പണ്ടുണ്ടായിരുന്ന സമ്പ്രദായം സ്വീകരിക്കേണ്ടിവരും. മിക്കവാറും തൊഴിലാളികൾക്കുവേണ്ടി ഹാജരാകുന്ന തൊഴിലാളി നേതാക്കൻമാരായ നാം വക്കീലൻമാരെ ഏൽപ്പിക്കുകയും അവർ നീട്ടിക്കൊണ്ടുപോവുകയുമാണ് ചെയ്യുന്നത്. ഗവൺമെൻറിനു സ്വീകരിക്കാവുന്ന എല്ലാ നടപടിയും സ്വീകരിക്കാവുന്നതാണ്.

ശ്രീ. ആർ.എസ്. ഉണ്ണി: കഴിയുന്നിടത്തോളം കാലതാമസം കുറയ്ക്കാൻ ഡെപ്യൂട്ടി ലേബർ ഓഫീസറും ഡിസ്ട്രിക്ടു ലേബർ ഓഫീസറും താൽപ്പര്യപൂർവ്വം കൺസിലിയേഷൻ നടപടികളിൽ പങ്കെടുക്കുകയും തൊഴിൽത്തർക്കങ്ങളിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനു സാധിക്കത്തക്കവിധത്തിൽ ലേബർ ഡിപ്പാർട്ടുമെൻറ് പുനഃസംവിധാനം ചെയ്യാനും അതു കൂടുതൽ ഇഫക്ടീവ് ആക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: സ്വീകരിക്കാം.

ശ്രീ. ജി.പി. മംഗലത്തുമഠം: തൊഴിലാളി നേതാക്കൻമാർ തൊഴിൽ വകുപ്പ് മന്ത്രിമാരായി വന്നിട്ടുപോലും കേരളത്തിൽ 3781 കേസുകൾ പെൻറിംഗായി കിടക്കുന്നു. ഇതൊന്നു വേഗം തീർക്കാൻ പുത്തനായ വല്ല പരിപാടിയും ആവിഷ്കരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: പുതുതായി ഒരു പദ്ധതി ആവശ്യമില്ല. ഉള്ള പദ്ധതികൾതന്നെവച്ചുകൊണ്ട് കാര്യക്ഷമമായി ഇതു പ്രാവർത്തികമാക്കാൻ സാധിക്കുമെന്നാണ് ഗവൺമെൻറിൻെറ വിശ്വാസം. ഇതു കാര്യക്ഷമമായി പ്രവർത്തിപ്പിക്കാതിരുന്നു തുരുമ്പു പിടിച്ചു പോയതിൻെറ ഫലമായി ഇങ്ങനെ വന്നതാണ്. ശരിയായി പ്രവർത്തിച്ചാൽ ഇന്നുള്ള ബുദ്ധിമുട്ടുകൾക്ക് കുറെ കുറവു വരും; ഇത്രയേറെ കേസുകൾ വരികയില്ലെന്നാണ് ഗവൺമെൻറിൻെറ അഭിപ്രായം.

ശ്രീ. സി.എ. കുര്യൻ: തോട്ടം തൊഴിലാളികളുടെ ഭവനങ്ങൾ ഉടമകൾ ഇലക്ട്രിഫൈ ചെയ്യുന്നകാര്യം പ്ലാൻേറഷൻ ലേബർ ആക്ടിൽ ഭേദഗതി വരുത്തിക്കൊണ്ട് ഗവൺമെൻറ് പ്രഖ്യാപനം ചെയ്തിരുന്നു. അതനുസരിച്ച് അടിയന്തിരമായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: ഇതുമായി ബന്ധപ്പെട്ട ചോദ്യമല്ല.

ഇലക്ട്രോണിക് വാച്ച് നിർമ്മിക്കുവാൻ ലൈസൻസ്

* 780 [850] ശ്രീ. കെ.ടി. കുമാരൻ:

,, എം.കെ. കേശവൻ:

,, വി.കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റേറററ് ഇലക്ട്രോണിക് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഇലക്ട്രോണിക്സ് വാച്ച് നിർമ്മിക്കുവാൻ ലൈസൻസിനു അപേക്ഷിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലൈസൻസ് കിട്ടിയോ;

LIBRARY ARCHIVES Kerala Legislative Assembly